കേരള സർക്കാർ

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്

## കെ. ജി. റ്റി. ഇ. പ്രിന്റിംഗ് ഗ്രൂപ്പ്
## പാർട്ട് ടൈം കോഴ്സുകളിലേയ്ക്കുള്ള
## പ്രവേശനം 2025-26

# പ്രോസ്പെക്ടസ്


തയ്യാറാക്കിയത്: സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രയിനിംഗ് ആൻഡ് റിസർച്ച്, കളമശ്ശേരി

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് കാര്യാലയം

തിരുവനന്തപുരം.


പ്രോസ്പെക്ടസും അപേക്ഷാഫോറവും ലഭ്യമാകുന്ന വെബ്ബ് സൈറ്റ്:

www.polyadmission.org/kgte

# പ്രധാന തീയതികൾ

| ക്രമ നമ്പർ | വിഷയം | തീയതി |
| --- | --- | --- |
| 1 | അപേക്ഷ പത്രിക വെബ്ബ് സൈറ്റിൽ ലഭ്യമാകുന്ന തീയതി | 23/05/2025 |
| 2 | പൂരിപ്പിച്ച അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി | 16/06/2025 |
| 3 | സെലക്റ്റ് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി | 20/06/2025 |
| 4 | ഇന്റർവ്യൂ തീയതി | 23/06/2025 to 25/06/2025 |
| 5 | ക്ലാസ്സ് ആരംഭിക്കുന്ന തീയതി | 26/06/2025 |

# ഉള്ളടക്കം


| ക്രമ നമ്പർ | വിഷയം | പേജ് നം. |
|---|---|---|
| 1 | പ്രോഗ്രാം | 4 |
| 2 | സീറ്റുകളുടെ എണ്ണം | 5 |
| 3 | സീറ്റുകളുടെ സംവരണം | 5 |
| 4 | സംവരണം സംബന്ധിച്ച മറ്റു പൊതു നിയമങ്ങൾ | 7 |
| 5 | പ്രവേശന യോഗ്യത | 7 |
| 6 | അപേക്ഷാ ഫോറം | 7 |
| 7 | അപേക്ഷ സമർപ്പിക്കൽ | 7 |
| 8 | തെരഞ്ഞെടുപ്പ് രീതി | 8 |
| 9 | അഭിമുഖം | 9 |
| 10 | ഫീസ് | 10 |
| 11 | സെലക്റ്റ് ലിസ്റ്റ് | 11 |
| 12 | അറിയിപ്പ് | 11 |
| 13 | അനുബന്ധം - I | സ്ഥാപനങ്ങളുടെ ലിസ്റ്റ് |
| 14 | അനുബന്ധം - II | കമ്മ്യൂണിറ്റി ലിസ്റ്റ് |
| 15 | അനുബന്ധം - III | NOC |
| 16 | അനുബന്ധം - IV | ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് |

# സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന

# കെ. ജി. റ്റി. ഇ പ്രിന്റിംഗ് ടെക്നോളജി പാർട്ട് ടൈം പ്രോഗ്രാം പ്രവേശനം 2025-26

# പ്രോസ്പെക്ടസ്

കേരള ഗവണ്മെന്റ് അംഗീകാരമുള്ള ഒരു വർഷ കെ.ജി.റ്റി.ഇ പ്രീ-പ്രസ് ഓപ്പറേഷൻ, പോസ്റ്റ് പ്രസ് ഓപ്പറേഷൻ ആന്റ് ഫിനിഷിംഗ് തുടങ്ങിയ പ്രിന്റിംഗ് ടെക്നോളജി കോഴ്സുകളിലേയ്ക്ക് 2025-26 അദ്ധ്യയന വർഷത്തേയ്ക്കുള്ള പാർട്ട് ടൈം പ്രവേശന നടപടികൾ 23.05.2025 മുതൽ ആരംഭിക്കുന്നതാണ്.

പ്രിന്റിംഗ് ടെക്നോളജി മേഖലയിൽ മൂന്നു വ്യത്യസ്ത പ്രോഗ്രാമുകൾ അംഗീകരിച്ചുകൊണ്ട് കേരള സർക്കാർ ഉന്നത വിദ്യാഭ്യാസ വകുപ്പ് G O MS No. 780/2014/H. Edn. തിരുവനന്തപുരം തീയതി 12.09.2014 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. അച്ചടി വ്യവസായ രംഗത്ത് കഴിഞ്ഞ കാലങ്ങളിലുണ്ടായ സാങ്കേതിക മുന്നേറ്റങ്ങൾ കണക്കിലെടുത്തുകൊണ്ട് ഈ മേഖലയ്ക്ക് ആവശ്യമായ വിദഗ്ധരെ പരിശീലിപ്പിച്ചെടുക്കുകയെന്നതാണ് ഈ പ്രോഗ്രാമുകളുടെ ലക്ഷ്യം. പ്രായോഗിക പരിശീലനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള പാഠ്യ പദ്ധതിയാണ് ഇതിനായി വികസിപ്പിച്ചെടുത്തിട്ടുള്ളത്. ഈ മേഖലയിൽ മൂന്നു പ്രോഗ്രാമുകളാണ് നടത്തപ്പെടുന്നത്.

1. കെ.ജി.റ്റി.ഇ പ്രീ പ്രസ് ഓപ്പറേഷൻ
2. കെ.ജി.റ്റി.ഇ പ്രസ് വർക്ക്
3. കെ.ജി.റ്റി.ഇ പോസ്റ്റ് പ്രസ് ഓപ്പറേഷൻ ആന്റ് ഫിനിഷിംഗ്

മേൽ പ്രോഗ്രാമുകളുടെ 2025-26 അദ്ധ്യയന വർഷത്തെ പാർട്ട് ടൈം പ്രവേശനം സംബന്ധിച്ച വിശദവിവരങ്ങൾ.

**1. പ്രോഗ്രാം:-**

കെ.ജി.റ്റി.ഇ. പ്രീ പ്രസ് ഓപ്പറേഷൻ, കെ.ജി.റ്റി.ഇ പ്രസ് വർക്ക്, കെ.ജി.റ്റി.ഇ പോസ്റ്റ് പ്രസ് ഓപ്പറേഷൻ ആന്റ് ഫിനിഷിംഗ് എന്നീ പ്രോഗ്രാമുകൾ അച്ചടി വ്യവസായത്തിലെ 3 പ്രധാന പ്രവൃത്തി വിഭാഗത്തെ ഉൾക്കൊണ്ടു കൊണ്ട് വികസിപ്പിച്ചെടുത്തിട്ടുള്ളതാണ്.

**1.1 കെ.ജി.റ്റി.ഇ പ്രീ പ്രസ് ഓപ്പറേഷൻ:**

പ്രധാനമായും കമ്പ്യൂട്ടർ അധിഷ്ഠിത പഠനമാണ് ഈ പ്രോഗ്രാം വിഭാവനം ചെയ്തിട്ടുള്ളത്. അച്ചടി രൂപ കല്പന, നിറങ്ങളെ സംബന്ധിച്ച പഠനം, ഡി.റ്റി.പി രംഗത്ത് പ്രാവീണ്യം നേടുന്നതിനാവശ്യമായ സോഫ്റ്റ് വെയറുകളുടെ പരിശീലനം എന്നിവയാണ് ഈ പ്രോഗ്രാം നിർവ്വഹിക്കുന്നത്.

**1.2 കെ.ജി.റ്റി.ഇ പ്രസ് വർക്ക്:**

വിവിധ തരത്തിലുള്ള പ്രിന്റിംഗ് പ്രസ്സുകൾ, പ്രിന്റിംഗിനു വേണ്ട സാധന സാമഗ്രികൾ, പ്രസ്സുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട പഠനം എന്നിവയാണ് ഈ പ്രോഗ്രാം നിർവ്വഹിക്കുന്നത്.

**1.3 കെ.ജി.റ്റി.ഇ പോസ്റ്റ് പ്രസ് ഓപ്പറേഷൻ ആന്റ് ഫിനിഷിംഗ്:**

പ്രിന്റിംഗിന്റെ പൂർണ്ണത വരുത്തുന്ന ബൈന്റിംഗ്, പാക്കേജിംഗ്, അനുബന്ധ പ്രവൃത്തികൾ സംബന്ധിച്ച സമഗ്ര പഠനമാണ് ഈ പ്രോഗ്രാം നിർവ്വഹിക്കുന്നത്.

സംസ്ഥാനത്തെ കെ.ജി.റ്റി.ഇ പ്രിന്റിംഗ് ടെക്നോളജി പാർട്ട് ടൈം പ്രോഗ്രാം നടത്തുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധം 1 പട്ടിക കാണുക.

**1.4 തത്തുല്യ കോഴ്സുകൾ**

കെ.ജി.ടി.ഇ പ്രിന്റിംഗ് ടെക്നോളജി പഴയ കോഴ്സുകളുമായി ബന്ധപ്പെട്ട് നിലവിലുള്ള കോഴ്സുകളുടെ തുല്യത ഇനിപ്പറയുന്ന തരത്തിലായിരിക്കും:

| Equivalent existing course under Revision 2014 (GO (Ms) No. 780/2014/Hedn dt 12sept 2014) | Equivalent course |
|---|---|
| KGTE Pre-press Operation | 1.KGTE Proof Reader (Higher)<br>2. KGTE Stereo typing (Higher)<br>3. KGTE Compositors work (Higher)<br>4. KGTE Type casting (Higher) |
| KGTE Press-Work | 1. KGTE Machine work (Higher)<br>2. KGTE Press work (Higher)<br>3. KGTE Printers Ware House (Higher) |
| KGTE Post Press Operation & Finishing | KGTE Book Binding (Higher) |

2. **സീറ്റുകളുടെ എണ്ണം:**
ഒരു പ്രോഗ്രാമിന് പരമാവധി 30 സീറ്റുകളിൽ പ്രവേശനം നൽകുന്നതായിരിയ്ക്കും. പ്രോഗ്രാം ആരംഭിക്കുന്നതിന് കുറഞ്ഞത് 17 സീറ്റുകളിലെങ്കിലും പ്രവേശനം നടന്നിരിക്കേണ്ടതാണ്.

3. **സീറ്റുകളുടെ സംവരണം:**

3.1 **ഭിന്നശേഷിക്കാർക്കുള്ള സംവരണം:**
ഓരോ പ്രോഗ്രാമിലും അനുവദിച്ചിട്ടുള്ള സീറ്റുകളുടെ 5% സീറ്റു വീതം ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്തിരിക്കുന്നു.

3.2 **ഗവ. പ്രസ്സുകളിലെ ജീവനക്കാർക്കുള്ള സംവരണം:**
ഓരോ പ്രോഗ്രാമിലും അനുവദിച്ചിട്ടുള്ള സീറ്റുകളുടെ 50% സീറ്റു വീതം ഗവ. പ്രസ്സുകളിലെ ജീവനക്കാർക്കായി സംവരണം ചെയ്തിരിക്കുന്നു.

3.3 ബാക്കിയുള്ള സീറ്റുകളിൽ നിലവിലെ സംവരണ തത്വങ്ങൾ പാലിച്ചു കൊണ്ട് താഴെ പറയുന്ന രീതിയിൽ സംവരണം ചെയ്തിരിക്കുന്നു.

Table 1

| | | | |
|---|---|---|---|
| (A) | | ജനറൽ മെറിറ്റ് | 50% |
| (B) | | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സംവരണേതര വിഭാഗക്കാർക്ക് (EWS) | 10% |
| (C) | | സാമൂഹ്യമായും വിദ്യാഭ്യാസ പരമായും പിന്നോക്കം നിൽക്കുന്ന വിഭാഗക്കാർക്ക് (SEBC) | 30% |

| | | | | |
|---|---|---|---|---|
| | a. | ഈഴവ (EZ) | 9% | |
| | b. | മുസ്ലീം (MU) | 8% | |
| | c. | മറ്റു പിന്നോക്ക ഹിന്ദുക്കൾ(BH) | 3% | |
| | d. | ലത്തീൻ കത്തോലിക്കരും ആംഗ്ലോ-ഇന്ത്യൻസും(LA) | 3% | |
| | e. | ധീവരരും ബന്ധപ്പെട്ട സമുദായങ്ങളും(DV) | 2% | |
| | f. | വിശ്വകർമ്മയും ബന്ധപ്പെട്ട സമുദായങ്ങളും(VK) | 2% | |
| | g. | കുശവരും ബന്ധപ്പെട്ട സമുദായങ്ങളും(KN) | 1% | |
| | h. | മറ്റു പിന്നോക്ക ക്രിസ്ത്യാനികൾ(BX) | 1% | |
| | i. | കുടുംബി(KU) | 1% | |
| (D) | | പട്ടികജാതി & പട്ടികവർഗ്ഗം | | 10% |
| | a. | പട്ടികജാതി (SC) | 8% | |
| | b. | പട്ടികവർഗ്ഗം (ST) | 2% | |

**3.4 സംവരണം സംബന്ധിച്ച പൊതു നിയമങ്ങൾ:**

എ. സാമൂഹ്യവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന (എസ്.ഇ.ബി.സി) വിഭാഗങ്ങളിലെ അപേക്ഷകർ സംവരണവുമായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റ് (Table II പ്രകാരം) ഹാജരാക്കിയാൽ മാത്രമേ ആ വിഭാഗത്തിൽ സംവരണത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ. എസ്.ഇ.ബി.സി വിഭാഗത്തിന്റെ ലിസ്റ്റ് അനുബന്ധം II (e) ൽ കൊടുത്തിരിക്കുന്നു.

ബി. **വ്യത്യസ്ത ജാതികളിലുള്ള ദമ്പതികൾക്ക് ജനിച്ച കുട്ടികളെ SEBC സംവരണത്തിന് പരിഗണിക്കുന്നത്:** വ്യത്യസ്ത ജാതികളിലുള്ള ദമ്പതിമാരിൽ അച്ഛനോ അമ്മയോ SEBC പട്ടികയിൽ ഉൾപ്പെട്ട സമുദായത്തിൽ പെട്ടവരാണെങ്കിലും അച്ഛനും അമ്മയും SEBC പട്ടികയിൽ ഉൾപ്പെട്ട സമുദായങ്ങളിൽ പെടുന്നുവെങ്കിലും അവർക്ക് ജനിച്ച കുട്ടികൾ SEBC സംവരണത്തിന് അർഹരാണ്. ഇതിനർഹരായ അപേക്ഷകർ Inter Caste Marriage Certificate ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. പിതാവും മാതാവും SEBC പട്ടികയിൽ ഉൾപ്പെട്ട സമുദായങ്ങളിൽ വരുന്ന അപേക്ഷകർക്ക് അവരുടെ മാതാ പിതാക്കളുടെ സമുദായങ്ങളിൽ ഏതെങ്കിലും ഒന്ന് സംവരണ ആവശ്യത്തിന് തെരഞ്ഞെടുക്കാവുന്നതാണ്. ഈ വിധം അപേക്ഷയിൽ രേഖപ്പെടുത്തിയത് പിന്നീട് മാറ്റുവാൻ അനുവദിക്കുന്നതല്ല.

സി. വ്യത്യസ്ത സമുദായത്തിൽപെട്ട ദമ്പതികളിൽ ആരെങ്കിലും ഒരാൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുന്നുവെങ്കിൽ അവരുടെ കുട്ടികൾക്ക് പട്ടികജാതി/പട്ടികവർഗ്ഗങ്ങൾക്ക് അർഹതപ്പെട്ട വിദ്യാഭ്യാസ/സാമ്പത്തിക ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. (GO(Ms) No. 25/2005/SCST DD dt.20.06.2005 ഉം (G.O (Ms) No.109/2008/SCST DD dt. 20.11.2008 ഉം കാണുക) റവന്യൂ അധികാരികൾ നൽകുന്ന മാര്യേജ് സർട്ടിഫിക്കറ്റിൽ മാതാപിതാക്കളുടെ സമുദായം വ്യക്തമാക്കേണ്ടതാണ്.

ഡി. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം ചെയ്ത സീറ്റുകളിലേക്ക് അപേക്ഷിക്കുന്ന അപേക്ഷകർ ജാതി സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തഹസിൽദാറിൽ നിന്നും വാങ്ങി സമർപ്പിക്കേണ്ടതാണ്.

പട്ടികജാതി/പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുന്ന ജാതി/സമുദായങ്ങളുടെ പേര് അനുബന്ധം II,III ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

4. **സംവരണം സംബന്ധിച്ച മറ്റു പൊതു നിയമങ്ങൾ:**

എ. പട്ടികജാതി വിദ്യാർത്ഥികൾക്ക് സംവരണം ചെയ്തതിൽ മിച്ചമുള്ള സീറ്റുകൾ പട്ടികവർഗ്ഗക്കാർക്കും നേരെ തിരിച്ചും ലഭിക്കുന്നതാണ്.

ബി. പട്ടികജാതി/പട്ടികവർഗ്ഗ അപേക്ഷകർ പ്രയോജനപ്പെടുത്താത്ത സീറ്റുകളിലേക്ക് മറ്റ് അർഹ സമുദായത്തിൽ പെട്ട (ഒ.ഇ.സി) അപേക്ഷകരെ തെരഞ്ഞെടുക്കും. അതും കഴിഞ്ഞ് മിച്ചമുള്ള സീറ്റുകൾ പൊതു മെറിറ്റിൽ ഉൾപ്പെടുത്താവുന്നതാണ്.

സി. സംവരണ വിഭാഗത്തിലെ ഏതെങ്കിലും സീറ്റുകൾ, ആ വിഭാഗത്തിലെ യോഗ്യരായ അപേക്ഷകരുടെ അഭാവത്തിൽ പൊതു മെറിറ്റ് സീറ്റുകളായി പരിഗണിച്ച് പ്രവേശനം പൂർത്തിയാക്കാവുന്നതാണ്.

5. **പ്രവേശന യോഗ്യത:**

i) അപേക്ഷകർ ഇന്ത്യൻ പൗരനായിരിക്കണം.

ii) എസ്.എസ്.എൽ.സി.യോ തത്തുല്യ പരീക്ഷയോ എഴുതി ഉന്നത വിദ്യാഭ്യാസത്തിന് അർഹത നേടിയവർക്ക് പ്രവേശനത്തിന് അപേക്ഷിക്കാവുന്നതാണ്.

iii) ഗവ. പ്രസ്സുകളിലെ ജീവനക്കാർക്കായി സംവരണം ചെയ്തിരിക്കുന്ന സീറ്റുകളിലേയ്ക്ക് പ്രവേശനം ലഭിക്കുന്നതിനായി ഗവ. പ്രസ്സുകളിൽ കുറഞ്ഞത് രണ്ട് വർഷത്തെ പ്രവർത്തി പരിചയം ഉണ്ടായിരിക്കേണ്ടതും, പ്രവർത്തി പരിചയ സർട്ടിഫിക്കറ്റും, നിരാക്ഷേപ സാക്ഷ്യപത്രവും (No Objection Certificate) നിർബന്ധമായും പ്രവേശന സമയത്ത് ഹാജരാക്കേണ്ടതാണ്.

iv) ഭിന്നശേഷിക്കാർക്കുള്ള സംവരണ സീറ്റുകളിൽ പ്രവേശനം ആഗ്രഹിക്കുന്നവർ വൈകല്യത്തിന്റെ തോത് (വൈകല്യത്തിന്റെ തോത് 40%മോ അതിൽ കൂടുതലോ ആയിരിക്കണം) രേഖപ്പെടുത്തിയ മെഡിക്കൽ ബോർഡ് പുറപ്പെടുവിച്ച ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ഏകീകൃത തിരിച്ചറിയൽ കാർഡ് (Unique Disability Identity Card - UDID), അസിസ്റ്റന്റ് സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന, കോഴ്സ് പഠിക്കാൻ പ്രാപ്തരാണെന്ന് തെളിയിക്കുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ പകർപ്പും (അനെക്സർ -IV) ഹാജരാക്കേണ്ടതാണ്.

v) പ്രവേശനത്തിന് ഉയർന്ന പ്രായ പരിധി ബാധകമല്ല.

6. **അപേക്ഷാ ഫോറം:**

അപേക്ഷാ ഫോറവും വിശദ വിവരങ്ങൾ അടങ്ങിയ പ്രോസ്പക്ടസും 23.05.2025 മുതൽ www.polyadmission.org/kgte എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്.

7. **അപേക്ഷ സമർപ്പിക്കൽ:**

ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച അപേക്ഷ, സ്വയം സാക്ഷ്യപ്പെടുത്തിയ താഴെ സൂചിപ്പിക്കുന്ന പ്രമാണങ്ങൾ സഹിതം അപേക്ഷ സ്വീകരിക്കുന്ന അവസാന ദിവസം വൈകീട്ട് 4 മണിക്കുള്ളിൽ രജിസ്ട്രേഷൻ ഫീസ് ആയി 25 രൂപയും (ഇരുപത്തഞ്ച് രൂപ മാത്രം) അടച്ച് പ്രവേശനം ആഗ്രഹിക്കുന്ന സ്ഥാപനത്തിൽ സമർപ്പിക്കേണ്ടതാണ്.

7.1 എസ്.എസ്.എൽ.സി/തത്തുല്യ പരീക്ഷ സർട്ടിഫിക്കറ്റിന്റെ ശരിപ്പകർപ്പ്

7.2 ജാതി സംവരണത്തിനർഹതയുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളും, ഒ.ഇ.സി/എസ്.ഇ.ബി.സി വിഭാഗത്തിൽപ്പെട്ടവരും സംവരണത്തിന് അർഹത തെളിയിക്കുന്നതിന് Table II ൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമുള്ള സർട്ടിഫിക്കറ്റിന്റെ ശരിപ്പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

7.3 ഭിന്നശേഷിക്കാർക്കുള്ള സംവരണത്തിന് അർഹരായവർ ആയത് തെളിയിക്കുന്നതിന് Table II ൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമുള്ള സർട്ടിഫിക്കറ്റിന്റെ ശരിപ്പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

7.4 ഡിപ്പാർട്ട്മെന്റ് ക്വാട്ടയിൽ അപേക്ഷിക്കുന്നവർ പ്രവൃത്തി പരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ ശരിപ്പകർപ്പ് അപേക്ഷയോടൊപ്പം നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.

7.5 ഡിപ്പാർട്ട്മെന്റ് ക്വാട്ടയിൽ അപേക്ഷിക്കുന്നവർക്ക് ജനറൽ ക്വാട്ടയിലും അപേക്ഷിക്കാവുന്നതാണ്. ഇതിനായി പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്

7.6 **അപൂർണ്ണമായതോ അനുബന്ധമായ രേഖകൾ കൂടാതെയോ സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.**

8 **തെരഞ്ഞെടുപ്പ് രീതി:**

**ക്വാട്ട എ** – ഭിന്നശേഷിക്കാർക്കായി 5 ശതമാനം സീറ്റുകൾ എല്ലാ കോഴ്സിലും സംവരണം ചെയ്തിരിക്കുന്നു. ഈ ക്വാട്ടയിൽ അപേക്ഷിക്കുന്നവർ വൈകല്യത്തിന്റെ തോത് വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

**ക്വാട്ട ബി** - ഗവ. പ്രസ്സുകളിലെ ജീവനക്കാർക്കായി സംവരണം ചെയ്തിരിക്കുന്ന 50 ശതമാനം സീറ്റുകളിലേയ്ക്ക് ഈ ക്വാട്ടയിലൂടെ പ്രവേശനം നേടാവുന്നതാണ്. കുറഞ്ഞത് രണ്ട് വർഷത്തെ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പവും ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള അസ്സൽ എൻ ഒ സി അഡ്മിഷൻ സമയത്തും ഹാജരാക്കേണ്ടതാണ്.

**ക്വാട്ട സി** - ജനറൽ ക്വാട്ടയിൽ ലഭ്യമായ ബാക്കിയുള്ള സീറ്റുകളിലേക്കാണ് ഈ ക്വാട്ടയിലൂടെ പ്രവേശനം നടത്തുന്നത്. Table I പ്രകാരമുള്ള സംവരണ തത്വം പാലിച്ചായിരിക്കും പ്രവേശനം.

8.1 എസ്.എസ്.എൽ.സി/ തത്തുല്യ പരീക്ഷയുടെ വിഷയങ്ങൾക്ക് ലഭിച്ച ഗ്രേഡ് പോയിന്റ് ആസ്പദമാക്കിയാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്.

8.2 മൊത്തം ഗ്രേഡ് പോയിന്റ് ആകെ വിഷയങ്ങളുടെ എണ്ണം കൊണ്ട് ഹരിച്ച് ശരാശരി ഗ്രേഡ് പോയിന്റ് കണക്കാക്കുന്നു.

8.3. പഴയ സ്കീമനുസരിച്ചുള്ള എസ്.എസ്.എൽ.സി./തത്തുല്യ യോഗ്യതയുടെ മാർക്കുകൾ ഗ്രേഡ് പോയിന്റിലേക്ക് പരിവർത്തനം ചെയ്യുന്നു. പഴയ സ്കീം യോഗ്യത പരീക്ഷയുടെ മാർക്കും ആനുപാതിക ഗ്രേഡ് പോയിന്റും താഴെ പട്ടികയിൽ സൂചിപ്പിക്കുന്നു.

| ***ഗ്രേഡ്*** | എ+ | എ | ബി+ | ബി | സി+ | സി | ഡി+ |
|---|---|---|---|---|---|---|---|
| ***മാർക്ക്*** | >=90 | >=80 | >=70 | >=60 | >=50 | >=40 | >=30 |
| ***പോയിന്റ്*** | 9 | 8 | 7 | 6 | 5 | 4 | 3 |

8.4 ക്വാട്ട സി പ്രകാരമുള്ള പ്രവേശനത്തിന് ശരാശരി ഗ്രേഡ് പോയിന്റിന്റെ മുൻഗണനാക്രമത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്ന് സംവരണ തത്ത്വങ്ങൾക്ക് വിധേയമായി പ്രവേശനം നടത്തുന്നതായിരിക്കും.

8.5 ക്വാട്ട സി പ്രകാരമുള്ള പ്രവേശനത്തിന് ശരാശരി ഗ്രേഡ് പോയിന്റ് തുല്യമായി വരുന്ന സാഹചര്യത്തിൽ ജനനതീയതി ആദ്യം വരുന്നവർക്ക് മുൻ ഗണന നൽകുന്നതായിരിക്കും.

8.6 ക്വാട്ട എ പ്രകാരം പ്രവേശനത്തിന് യോഗ്യരായ അപേക്ഷകരിൽ നിന്നും മെറിറ്റ് അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ശരാശരി ഗ്രേഡ് പോയിന്റ് തുല്യമായി വരുന്ന സാഹചര്യത്തിൽ ജനനതീയതി ആദ്യം വരുന്നവർക്ക് മുൻ ഗണന നൽകുന്നതായിരിക്കും.

8.7 ക്വാട്ട ബി പ്രകാരമുള്ള പ്രവേശനത്തിന് ഗവ. പ്രസ്സിലെ പൂർത്തിയാക്കിയ ഓരോ വർഷത്തെയും പ്രവൃത്തി പരിചയത്തിന് 0.2 പോയിന്റ് അധിക വെയ്റ്റേജ് ശരാശരി ഗ്രേഡ് പോയിന്റിനോടൊപ്പം ചേർക്കുന്നതാണ്. ഇത്തരത്തിൽ പരമാവധി 2 പോയിന്റ് ശരാശരി ഗ്രേഡ് പോയിന്റിനോടൊപ്പം ചേർക്കാൻ സാധിക്കും.

8.8 ക്വാട്ട ബി പ്രകാരമുള്ള പ്രവേശനത്തിന് സ്കോർ തുല്യമായി വരുന്ന സാഹചര്യത്തിൽ പ്രവൃത്തി പരിചയം അധികമുള്ളയാൾക്ക് മുൻഗണന നൽകുന്നതായിരിക്കും. തുടർന്നും സ്കോർ തുല്യമായി വരികയാണെങ്കിൽ ജനനതീയതി ആദ്യം വരുന്നവർക്ക് മുൻഗണന നൽകുന്നതായിരിക്കും

8.9 റാങ്ക് ലിസ്റ്റ് അതാത് സ്ഥാപനങ്ങളിൽ പ്രസിദ്ധീകരിക്കുന്നതാണ്.

## 9 അഭിമുഖം:

9.1 അഭിമുഖത്തിനു തെരഞ്ഞെടുക്കപ്പെട്ടവരുടെ പട്ടിക സ്ഥാപനത്തിലെ നോട്ടിസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതാണ്.

9.2 ഗവ. പ്രസ്സുകളിലെ ജീവനക്കാർക്കുള്ള സംവരണ സീറ്റുകളിലേക്ക് പ്രവേശനം നേടിയവർ പ്രവർത്തി പരിചയ സർട്ടിഫിക്കറ്റ്, No Objection Certificate എന്നിവ ഹാജരാക്കേണ്ടതാണ്.

9.3 പ്രവേശനത്തിനു വരുമ്പോൾ വിടുതൽ സർട്ടിഫിക്കറ്റ്, സ്വഭാവ സർട്ടിഫിക്കറ്റ്, എന്നിവയോടൊപ്പം താഴെ സൂചിപ്പിക്കുന്ന പ്രമാണങ്ങളുടെ (ബാധകമെങ്കിൽ) അസ്സൽ ഹാജരാക്കേണ്ടതാണ്.

9.4 നിശ്ചിത ദിവസം ഇന്റർവ്യൂവിനു ഹാജരാകാത്തവരെ പിന്നീട് പ്രവേശനത്തിന് പരിഗണിക്കുന്നതല്ല.

Table II

| ക്രമ നമ്പർ | ഉദ്ദേശ്യം | ആവശ്യമായ രേഖ |
|---|---|---|
| 01 | ജനന തീയതി തെളിയിക്കുന്നതിന് | ജനന സർട്ടിഫിക്കറ്റ് അല്ലെങ്കിൽ SSLC/THSLC തത്തുല്യ പരീക്ഷ സർട്ടിഫിക്കറ്റ് |
| 02 | വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിന് | SSLC/THSLC തത്തുല്യ യോഗ്യത മാർക്ക് ലിസ്റ്റ്/ സർട്ടിഫിക്കറ്റ് |
| 03 | SEBC വിഭാഗത്തിനുള്ള സാമുദായിക സംവരണം അവകാശപ്പെടുന്നതിന് | അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ ജാതി/സമുദായം ഉൾപ്പെടുത്തിയ നോൺക്രീമിലെയർ സർട്ടിഫിക്കറ്റ്<br>**അല്ലെങ്കിൽ**<br>അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ ജാതി സർട്ടിഫിക്കറ്റും വരുമാന സർട്ടിഫിക്കറ്റും.<br>**അല്ലെങ്കിൽ**<br>ഉദ്യോഗാർത്ഥിയുടെ നിർദ്ദിഷ്ട ജാതി/സമുദായം കാണിക്കുന്ന എസ്എസ്എൽസി/തത്തുല്യ സർട്ടിഫിക്കറ്റിനോടൊപ്പം (അനുബന്ധം II ഇ-ൽ ജാതി ഉൾപ്പെടുത്തിയിട്ടുണ്ട്) സത്യവാങ്മൂലവും വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ 8 ലക്ഷം രൂപയിൽ കവിയാത്ത വരുമാന സർട്ടിഫിക്കറ്റ് |

| | | |
|---|---|---|
| 04 | എസ്.സി/എസ്.ടി സംവരണം അവകാശപ്പെടുന്നതിന് | തഹസിൽദാർ പുറപ്പെടുവിച്ച സാധുവായ ജാതി സർട്ടിഫിക്കറ്റ് |
| 05 | വ്യത്യസ്ത ജാതികളിലുള്ള ദമ്പതികൾക്ക് ജനിച്ച കുട്ടികളെ SEBC സംവരണത്തിന് പരിഗണിക്കുന്നതിന് | Inter-Caste Marriage Certificate ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങിയത് അല്ലെങ്കിൽ ഭാര്യയുടെയും ഭർത്താവിന്റെയും എസ് എസ് എൽ സി സർട്ടിഫിക്കറ്റിൽ / വിദ്യാഭ്യാസ രേഖയിൽ ജാതി കൃത്യമായി രേഖപ്പെടുത്തിയിരിക്കുകയും സബ് രജിസ്ട്രാറോ തദ്ദേശ സ്ഥാപനമോ നൽകിയിട്ടുള്ള വിവാഹ സർട്ടിഫിക്കറ്റും ഒരു സത്യവാങ്മൂലവും, നോൺ - ക്രീമിലെയർ സർട്ടിഫിക്കറ്റ് / 8 ലക്ഷം രൂപയിൽ കവിയാത്ത വരുമാന സർട്ടിഫിക്കറ്റ് |
| 06 | വ്യത്യസ്ത സമുദായത്തിൽപെട്ട ദമ്പതികളിൽ ആരെങ്കിലും ഒരാൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുന്നുവെങ്കിൽ സംവരണത്തിന് പരിഗണിക്കുന്നതിന് | റവന്യൂ ഉദ്യോഗസ്ഥർ നൽകുന്ന വിവാഹ സർട്ടിഫിക്കറ്റും തഹസിൽദാർ നൽകുന്ന കുട്ടിയുടെ പേരിലുള്ള ജാതി സർട്ടിഫിക്കറ്റും. |
| 07 | ഭിന്നശേഷി സംവരണം അവകാശപ്പെടുന്നതിന് | മെഡിക്കൽ ബോർഡ് പുറപ്പെടുവിച്ച ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ഏകീകൃത തിരിച്ചറിയൽ കാർഡ് (Unique Disability Identity Card - UDID), ഫിറ്റ്നസ് സർട്ടിഫിക്കറ്റ്~(അനെക്സർ - IV) |
| 08 | EWS സംവരണം അവകാശപ്പെടുന്നതിന് | വില്ലേജ് ഓഫീസറിൽ നിന്നുള്ള EWS സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ |
| 09 | No Objection Certificate | അനെക്സർ - III പ്രകാരം |

10 **ഫീസ്:** പ്രവേശനം ലഭിക്കുന്ന അപേക്ഷകർ താഴെ സൂചിപ്പിക്കുന്ന ഫീസ് പ്രവേശന സമയത്ത് തന്നെ അടയ്ക്കേണ്ടതാണ്.

| | | |
|---|---|---|
| **പ്രവേശന ഫീസ്** | ` 730/- രൂപ (പ്രവേശനസമയത്ത് മാത്രം) | |
| **എസ്റ്റാബ്ലിഷ് മെന്റ് ഫീസ് (റവന്യൂ ഭാഗം)** | 610/- രൂപ | |
| **സ്പെഷ്യൽ ഫീസ്** | റവന്യൂ ഭാഗം: | 1830/- രൂപ |
| | പി.ഡി.ഭാഗം: | 1270/- രൂപ |
| **സ്റ്റുഡന്റ് അമെനിറ്റീസ് ഫീസ്** | 500/- രൂപ (അഞ്ഞൂറ് രൂപ മാത്രം) | |
| **കരുതൽ നിക്ഷേപം** | 500/- രൂപ (അഞ്ഞൂറ് രൂപ മാത്രം) | |
| **വാർഷിക ട്യൂഷൻ ഫീസ്** | 28350/- രൂപ | |

കരുതൽ നിക്ഷേപം ഒഴികെ ഒരിക്കൽ അടച്ച ഫീസ് പിന്നീട് തിരികെ നൽകുന്നതല്ല.

11 **സെലക്ട് ലിസ്റ്റ്**: പ്രവേശനത്തിന് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ ലിസ്റ്റ് സ്ഥാപനത്തിൽ **20/06/2025** വൈകിട്ട് 3 മണിക്ക് പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും.

12 **അറിയിപ്പ്:** പ്രവേശനം സംബന്ധിച്ച മുഴുവൻ വിവരങ്ങളും സ്ഥാപനത്തിലെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. അപേക്ഷകർക്ക് പ്രത്യേകം അറിയിപ്പുകൾ നൽകുന്നതല്ല.

**അപൂർണ്ണമായതോ അനുബന്ധമായ രേഖകൾ കൂടാതെയോ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരു മുന്നറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.**

(ഒപ്പ്)

**സീനിയർ ജോയിന്റ് ഡയറക്ടർ (പി.എസ്.)**

**സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് കാര്യാലയം, തിരുവനന്തപുരം**

## അനുബന്ധം I

### കെ. ജി.റ്റി. ഇ. പ്രിന്റിംഗ് ടെക്നോളജി പ്രോഗ്രാം നടത്തുന്ന ഗവ: സ്ഥാപനങ്ങളുടെ പട്ടിക

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | മേൽവിലാസം | ഫോൺ നം. | നടത്തുന്ന പ്രോഗ്രാമിന്റെ പേര് | സീറ്റുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | സെൻട്രൽ പോളിടെക്നിക് കോളേജ്, | വട്ടിയൂർക്കാവ്, തിരുവനന്തപുരം | 0471–2360391, 9400006416 | കെ.ജി.റ്റി.ഇ പ്രീ–പ്രസ് ഓപ്പറേഷൻ | 30 |
| 2 | സെൻട്രൽ പോളിടെക്നിക് കോളേജ്, | വട്ടിയൂർക്കാവ്, തിരുവനന്തപുരം | 0471–2360391, 9400006416 | കെ.ജി.റ്റി.ഇ പോസ്റ്റ് പ്രസ് ഓപ്പറേഷൻ ആന്റ് ഫിനിഷിംഗ് | 30 |